പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. T 2879

18.08.2017-ൽ
മറുപടിക്ക്

## ജലസ്രോതസ്സുകളിലെ അനധികൃത കൈയേറ്റങ്ങൾ

ചോദ്യം

ശ്രീ.പി.കെ.ബഷീർ

ഉത്തരം

ശ്രീ. ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് കായലുകൾ, പുഴകൾ, മറ്റ് ജലസ്രോതസ്സുകൾ എന്നിവയിൽ പലതിലും അനധികൃത കയ്യേറ്റങ്ങൾ നടക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് ആധികാരികമായ റിപ്പോർട്ടുകൾ ലഭ്യമാണോ ; എങ്കിൽ എവിടെയെല്ലാമാണ് ഇത്തരം കയ്യേറ്റ ങ്ങൾ കണ്ടെത്തിയിട്ടുള്ളതെന്ന് വെളി പ്പെടുത്തുമോ ;

(എ) സംസ്ഥാനത്ത് കായലുകൾ, പുഴകൾ, മറ്റ് ജലസ്രോതസ്സ് എന്നിവയിൽ അനധികൃത കയ്യേറ്റം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

തൃശ്ശൂർ ജില്ലയിൽ ആളൂർ, അന്നമട, എടത്തിരുത്തി, മേലൂർ, നെന്മണി ക്കര, വരന്തരപ്പിള്ളി എന്നീ ഗ്രാമ പഞ്ചായത്തുകളിൽ അനധികൃത ജലസ്രോതസ് കയ്യേറ്റം നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ള വിവരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പത്തനംതിട്ട ജില്ലയിൽ മല്ലപ്പള്ളി താലൂക്കിൽ മണിമലയാർ ആറ്റു പുറമ്പോക്ക് കയ്യേറ്റം, തിരുവല്ല താലൂക്കിൽ ഏഴ് തോട് കയ്യേറ്റങ്ങൾ എന്നിവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോട്ടയം ജില്ലയിൽ 18 കേസുകൾ ഉള്ളതും 01.48.58 ഹെക്ടർ ഭൂമിയിൽ ജലസ്രോതസുകളുടെ കയ്യേറ്റം നിലവിൽ ഉള്ളതുമാണ്. മലപ്പുറം ജില്ലയിൽ പൊന്നാനി താലൂക്കിൽ എടപ്പാൾ, തവനൂർ, ഈഴവത്തുരുത്തി എന്നീ വില്ലേജുകളിലും, കൊണ്ടോട്ടി താലൂക്കിൽ ചാലിയാർപ്പുഴ, പുറമ്പോക്ക്, നിലമ്പൂർ താലൂക്കിൽ അമരമ്പലം വില്ലേജിൽ ബ്ലോക്ക് 123, റീസർവ്വെ 351/1, 2 ൽ ഉൾപ്പെട്ട പുഴ പുറമ്പോക്ക് എന്നിവ കയ്യേറിയ തായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പെരിന്തൽമണ്ണ താലൂക്കിൽ പഞ്ചായത്ത് നഗരസഭാ അധീനത യിലുള്ള തോടുകളിൽ വ്യാപകമായ കയ്യേറ്റം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം കയ്യേറ്റങ്ങൾ തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാ മാണ്; അനധികൃത കയ്യേറ്റങ്ങൾ നടത്തിയതിന്റെ പേരിൽ എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം നൽകുമോ;

(ബി) കായലുകളും കുളങ്ങളും ഉൾപ്പെടെയുള്ള തണ്ണീർത്തടങ്ങളിലെ കയ്യേറ്റം ശ്രദ്ധയിൽപ്പെടുന്ന കേസുകളിൽ ആയത് നിക്ഷിപ്തമായിരിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഭൂസംരക്ഷണ നിയമപ്രകാരവും കേരള നെൽ വയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരവും ശക്തമായ നടപടികൾ സ്വീകരിച്ച് കയ്യേറ്റം

ഒഴിവാക്കി പൂർവ്വ സ്ഥിതിയിൽ സംരക്ഷിക്കുന്നതിന് ഉത്തരവുകൾ നൽകുകയും ആയതിന് വിസമ്മതിക്കുന്നവരുടെ പേരിൽ ക്രിമിനൽ നടപടികൾ സ്വീകരിച്ചും വരുന്നു.

കൊല്ലം ജില്ലയിൽ കായൽ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് രേഖകൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിന് ലാൻഡ് റിസംപ്ഷൻ സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തിച്ചും, കയ്യേറ്റം അളന്ന് നിർണ്ണയിക്കുന്നതിനു സ്പെഷ്യൽ സർവ്വെ ടീമിനെ നിയോഗിച്ചും നടപടി സ്വീകരിച്ചു വരുന്നു.

എറണാകുളം ജില്ലയിൽ കായലുകളിലെയും തണ്ണീർ ത്തടങ്ങളിലേയും കയ്യേറ്റം നിലവിലെ സർവ്വെ രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് കയ്യേറ്റം ശ്രദ്ധയിൽപ്പെടുന്ന കേസുകളിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി ചേർന്ന് ആയത് ഒഴിവാക്കി പൂർവ്വ സ്ഥിതിയിൽ സംരക്ഷിക്കുന്നതിന് എറണാകുളം സർവ്വെ ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിൽ നടപടി സ്വീകരിച്ചു വരുന്നു. കാസർ ഗോഡ് ജില്ലയിൽ കയ്യേറ്റക്കാർക്കെതിരെ 43 കേസുകൾ എടുത്തിട്ടുണ്ട്. മറ്റ് എല്ലാ ജില്ലകളിലും ജില്ലാ ഭരണകൂടത്തിന്റെ നിർദ്ദേശാനുസരണം ജില്ലാ താലൂക്ക് തലങ്ങളിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ചും, 1957-ലെ കേരള ഭൂസംരക്ഷണ നിയമവും, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരവും നടപടികൾ സ്വീകരിച്ചു വരുന്നു. തൃശ്ശൂർ ജില്ലയിൽ നെന്മണിക്കര ഗ്രാമപഞ്ചായത്തിൽ കയ്യേറ്റം നടത്തിയ 15 പേർക്കെതിരെ നോട്ടീസ് നൽകിയിട്ടുണ്ട്. മലപ്പുറം ജില്ലയിൽ കയ്യേറ്റങ്ങൾ നടത്തിയതിന്റെ പേരിൽ 56 പേർക്കെതിരെ നടപടി സ്വീകരിച്ചു വരുന്നു.

| | |
|---|---|
| (സി) കണ്ടെത്തിയ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും കയ്യേറ്റം ചെയ്തയിടങ്ങൾ തിരിച്ചുപിടിച്ച്, കയ്യേറ്റക്കാരുടെ ചെലവിൽ ജലസ്രോതസ്സുകളെ പൂർവ്വ സ്ഥിതിയിലാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) കണ്ടെത്തിയ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും കയ്യേറ്റം ചെയ്തയിടങ്ങൾ തിരിച്ചുപിടിച്ച്, കയ്യേറ്റക്കാരുടെ ചെലവിൽ ജലസ്രോതസ്സുകളെ പൂർവ്വ സ്ഥിതിയിലാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. കയ്യേറ്റങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി കേരള ഭൂസംരക്ഷണ ചട്ട പ്രകാരം ബി ഫാറം, സി ഫാറം നോട്ടീസുകൾ, നടപടിക്രമം നൽകി ഒഴിപ്പിക്കൽ എന്നീ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ